പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 63

# 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബിൽ

(ശ്രീ. വി. ടി. ബൽറാം, എം. എൽ. എ. നോട്ടീസ് നൽകിയത്)

508/2017.

# 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബിൽ

(ശ്രീ. വി. ടി. ബൽറാം, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് ട്രാൻസ്പോർട്ട് വാഹനങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാർ അനുഭവിക്കുന്ന ചൂഷണങ്ങളിൽ നിന്നും അവകാശ ലംഘനങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിനും സുരക്ഷിത യാത്ര ഉറപ്പ് വരുത്തുന്നതിനും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ട്രാൻസ്പോർട്ട് വാഹനങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാർ അനുഭവിക്കുന്ന ചൂഷണങ്ങളിൽ നിന്നും അവകാശ ലംഘനങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിനും സുരക്ഷിത യാത്ര ഉറപ്പ് വരുത്തുന്നതിനും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്ടിന് "2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ആക്ട്" എന്ന് പേര് പറയാം.

(2) ഈ ആക്ടിന് കേരള സംസ്ഥാനത്ത് മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(3) ഈ ആക്ടിന് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

508/2017.

(എ) 'അതോറിറ്റി' എന്നാൽ "കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹനയാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി" എന്നർത്ഥമാകുന്നു;

(ബി) 'സർക്കാർ' എന്നാൽ കേരള സംസ്ഥാന സർക്കാർ എന്നർത്ഥമാകുന്നു;

(സി) 'ട്രാൻസ്പോർട്ട് വാഹനം' എന്നാൽ കേരള സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതും യാത്രക്കാരിൽ നിന്നും ചാർജ്ജ് ഈടാക്കി ഒരു സ്ഥലത്ത് നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് യാത്രക്കാരെയും അവരുടെ ലഗേജുകളും എത്തിച്ചു കൊടുക്കുന്ന ബസ്, ടെമ്പോ വാൻ, കാർ, ഓട്ടോറിക്ഷ എന്നിവയുൾപ്പെടെയും സമാന സ്വഭാവമുള്ളതുമായ സ്വകാര്യ വാഹനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിലുള്ള വാഹനങ്ങളോ എന്നർത്ഥമാകുന്നു;

(ഡി) 'സെക്രട്ടറി' എന്നാൽ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റിയുടെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(ഇ) 'യാത്രക്കാർ' എന്നാൽ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് നിശ്ചിത ചാർജ്ജ് നൽകി യാത്ര ചെയ്യുന്ന ഒരു വ്യക്തി എന്ന് അർത്ഥമാകുന്നു;

(എഫ്) 'റൂൾസ്' എന്നാൽ ഈ നിയമത്തിനുകീഴിൽ സർക്കാരുണ്ടാക്കുന്ന ഏതൊരു ചട്ടവും എന്ന് അർത്ഥമാകുന്നു;

(ജി) 'ഭരണനിർവ്വഹണ സമിതി' എന്നാൽ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റിയുടെ ഭരണനിർവ്വഹണ സമിതി എന്ന് അർത്ഥമാകുന്നു.

3. <u>2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി രൂപീകരണം</u>:—(1) സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണത്തിനുള്ള അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്നു തോന്നുന്ന ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിയോഗിക്കാവുന്നതാണ്.

(3) അതോറിറ്റി ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുത്തുന്നതിനുമുള്ള അധികാരത്തോടുകൂടിയതും അതോറിറ്റിയുടെ പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

4. <u>അതോറിറ്റിയുടെ ഘടന</u>:—(1) സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി, ട്രാൻസ്പോർട്ട് വാഹന മേഖലയുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള വാഹന ഉടമകളിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 5 പ്രതിനിധികൾ, ട്രാൻസ്പോർട്ട് സർവ്വീസ് നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒരു പ്രതിനിധി, സംസ്ഥാനത്ത് നിലവിലുള്ള നിയമപ്രകാരം രജിസ്റ്റർ

ചെയ്തിട്ടുള്ള യാത്രക്കാരുടെ സംഘടനകളിൽ നിന്നും സർക്കാർ നാമനിർദേശം ചെയ്യുന്ന 3 പ്രതിനിധികൾ, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ട്രാൻസ്പോർട്ട് തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 3 പ്രതിനിധികൾ എന്നിവർ അതോറിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളായിരിക്കുന്നതാണ്.

(2) ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം) എന്നിവരോ അല്ലെങ്കിൽ അവർ നാമനിർദ്ദേശം ചെയ്യുന്നവരോ അതോറിറ്റിയുടെ ഔദ്യോഗിക അംഗങ്ങളായിരിക്കുന്നതാണ്.

5. <u>അതോറിറ്റിയുടെ ആസ്ഥാനം</u>:—അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും.

6. <u>അതോറിറ്റിയുടെ ഭരണ നിർവ്വഹണ സമിതി</u>:—(1) ഒരു ചെയർമാൻ, ഒരു സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്ന ഒരു ഭരണ നിർവ്വഹണ സമിതി അതോറിറ്റിക്കുവേണ്ടി രൂപീകരിക്കേണ്ടതാണ്.

(2) വകുപ്പ് 4 ഉപവകുപ്പ് (1)-ൽ പറഞ്ഞിട്ടുള്ള അംഗങ്ങളിൽ നിന്നും രാഷ്ട്രീയ പാർട്ടികളുടെയും ട്രാൻസ്പോർട്ട് വാഹന പ്രതിനിധികളുടെയും ട്രാൻസ്പോർട്ട് സർവീസ് നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും യാത്രക്കാരുടെ സംഘടനകളുടെയും അംഗീകൃത ട്രാൻസ്പോർട്ട് തൊഴിലാളി സംഘടനകളുടെയും കുറഞ്ഞത് ഓരോ പ്രതിനിധികളുൾപ്പെടെ അഞ്ച് അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(3) വകുപ്പ് 4 ഉപവകുപ്പ് (2)-ൽ പറഞ്ഞിട്ടുള്ള ഔദ്യോഗിക അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളായിരിക്കും. എന്നാൽ ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

7. <u>ചെയർമാൻ</u>:—(1) അതോറിറ്റിയുടെ ചെയർമാനെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദ്ദേശം ചെയ്യുന്നതാണ്.

(2) ചെയർമാന്റെ ഔദ്യോഗിക കാലാവധി 5 വർഷക്കാലമായിരിക്കുന്നതാണ്.

(3) സർക്കാരിന് യുക്തമെന്ന് തോന്നുന്ന കാരണത്താൽ ചെയർമാന്റെ ഔദ്യോഗിക കാലാവധി ഏത് സമയവും അവസാനിപ്പിക്കുവാൻ കഴിയും.

(4) ചെയർമാനു നൽകേണ്ട സേവന വേതന വ്യവസ്ഥകൾ സർക്കാർ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരിക്കുന്നതാണ്.

8. <u>സെക്രട്ടറി</u>:—സർക്കാർ സർവീസിലുള്ള അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അതോറിറ്റിയുടെ സെക്രട്ടറിയായി സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിയമിക്കേണ്ടതാണ്.

9. ഭരണ നിർവ്വഹണ സമിതിയുടെ കാലാവധി:—(1) ഭരണ നിർവ്വഹണ സമിതിയുടെ കാലാവധി സമിതി രൂപീകരിക്കുന്ന തീയതി മുതൽ അഞ്ച് വർഷമായിരിക്കും.

(2) ഒരു ഭരണ നിർവ്വഹണ സമിതി അംഗം അതോറിറ്റിയിലെ അംഗമല്ലാതായി കഴിയുമ്പോൾ ഭരണ നിർവ്വഹണ സമിതിയിലെ അംഗത്വം ഇല്ലാതായതായി കരുതേണ്ടതാണ്.

(3) ഭരണ നിർവ്വഹണ സമിതിയിലെ എക്സ്-ഒഫീഷ്യോ അല്ലാത്ത ഏതൊരംഗത്തിനും സമിതി അംഗത്വം രേഖാമൂലം ചെയർമാന് അറിയിപ്പ് നൽകി രാജി വയ്ക്കാവുന്നതാണ്.

(4) ഭരണ നിർവ്വഹണ സമിതി അംഗങ്ങളുടെ ഒഴിവുകൾ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നികത്തേണ്ടതും പ്രസ്തുത അംഗങ്ങളുടെ കാലാവധി ശേഷിച്ച കാലയളവിലേക്ക് മാത്രം ഉണ്ടായിരിക്കുന്നതുമാണ്.

10. അതോറിറ്റിയുടെ മുഖ്യ കർത്തവ്യങ്ങൾ:—(1) കേരളത്തിലെ ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ സുരക്ഷിതത്വം, സൗകര്യപ്രദമായ ട്രാൻസ്പോർട്ട് വാഹനങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് ഷെൽട്ടറുകൾ എന്നിവ ഉറപ്പ് വരുത്താനുതകുന്ന നടപടികൾ സ്വീകരിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

(2) കേരളത്തിലെ ട്രാൻസ്പോർട്ട് വാഹന യാത്രക്കാർക്ക് വൃത്തിയും ശുചിത്വവുമുള്ള ടോയ്ലെറ്റുകൾ, വൃത്തിയും ശുചിത്വമുള്ളതും ന്യായവിലയ്ക്ക് ആഹാരസാധനങ്ങൾ ലഭ്യമാക്കുന്നതുമായ ഹോട്ടലുകൾ, മറ്റ് ഷോപ്പുകൾ, ലഗേജുകളുടെ സുരക്ഷിതത്വം എന്നിവ ഉറപ്പ് വരുത്താനുതകുന്ന നടപടികൾ സ്വീകരിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ഇത് സംബന്ധിച്ച് സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

(3) വിദ്യാർത്ഥികളടക്കം കേരളത്തിലെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാർ ഏതെങ്കിലും തരത്തിലുള്ള ചൂഷണത്തിന് വിധേയരാകുന്നുവെന്ന് അതോറിറ്റിക്ക് തോന്നുന്നപക്ഷം അത് പരിശോധിക്കുകയും അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്യുക.

(4) കേരളത്തിലെ ട്രാൻസ്പോർട്ട് വാഹനങ്ങളിലെ ജീവനക്കാരിൽനിന്നും മാന്യമായ പെരുമാറ്റം, സൗകര്യപ്രദമായ യാത്രയ്ക്കുള്ള അവകാശം, യാത്രയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുക എന്നിവ ഉറപ്പ് വരുത്താനുതകുന്ന നടപടികൾ സ്വീകരിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

(5) കുറഞ്ഞ നിരക്കിൽ സുരക്ഷിതത്വവും, വൃത്തിയുള്ളതും, സൗകര്യപ്രദവും, കൃത്യതയോടും, വിനയത്തോടുകൂടിയും യാത്രക്കാർക്ക് സേവനം ഉറപ്പാക്കുന്ന തരത്തിൽ "പാസഞ്ചർ സർവീസ് സ്റ്റാൻഡേർഡ്സ്" തയ്യാറാക്കുകയും അത് നടപ്പിലാക്കുന്നതിന് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക.

11. അതോറിറ്റിയുടെ അധികാരങ്ങൾ:—(1) ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ച് യാത്രക്കാരിൽനിന്നോ മറ്റ് പൊതുജനങ്ങളിൽനിന്നോ പരാതികൾ സ്വീകരിക്കുന്നതിനുള്ള അധികാരം.

(2) വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരം ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് നിന്നും ബന്ധപ്പെട്ട ഏതൊരാളെയും വിളിച്ച് വരുത്തി വിസ്തരിക്കുന്നതിനുള്ള അധികാരം.

(3) വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരം ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ വിളിച്ച് വരുത്തി പരിശോധിക്കുന്നതിനും കേരളത്തിൽ സർവീസ് നടത്തുന്ന വാഹനങ്ങളോ യാത്രക്കാർ യാത്രയുടെ ആവശ്യത്തിനായി ഉപയോഗിക്കുന്ന പൊതു ഇടങ്ങളോ പരിശോധന നടത്തുന്നതിനുള്ള അധികാരം.

(4) വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ അതോറിറ്റിക്ക് ബോദ്ധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യുക.

(5) വകുപ്പ് 10 ഉപവകുപ്പ് (5) പ്രകാരമുള്ള "പാസഞ്ചർ സർവീസ് സ്റ്റാൻഡേർഡ്സ്" ട്രാൻസ്പോർട്ട് വാഹന ഉടമകളും ജീവനക്കാരും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം.

(6) നയപരമായ എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കുക.

(7) അതോറിറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കുക.

(8) അതോറിറ്റിയുടെ ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണാധികാരം വിനിയോഗിക്കുക.

(9) അതോറിറ്റിക്കുവേണ്ടിയും അതോറിറ്റിക്കെതിരായും വരുന്ന വ്യവഹാരങ്ങൾ നടത്തുക.

12. അതോറിറ്റിയുടെ യോഗങ്ങൾ:—(1) ചെയർമാന്റെ നിർദ്ദേശാനുസരണമോ ഭരണനിർവ്വഹണ സമിതിയുടെ തീരുമാനപ്രകാരമോ സെക്രട്ടറി, യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) രണ്ട് യോഗങ്ങൾ തമ്മിൽ 6 മാസത്തിലധികം അന്തരം ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

(3) യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം അപ്പപ്പോൾ സന്നിഹിതരായിരിക്കുന്ന ഭരണനിർവ്വഹണ സമിതിയംഗങ്ങളിൽ ആരെയെങ്കിലും അപ്പോഴേക്ക് ആദ്ധ്യക്ഷം വഹിക്കുന്നതിനായി നിർദ്ദേശിക്കാവുന്നതാണ്.

(4) യോഗത്തിനുള്ള ക്വാറം അതോറിറ്റിയിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

13. ഭരണ നിർവ്വഹണ സമിതിയുടെ ചുമതലകൾ:—(1) അതോറിറ്റിയുടെ ദൈനംദിന ഭരണം നടത്തുന്നതിനുള്ള ചുമതല ഭരണ നിർവ്വഹണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഓരോ വർഷവും മാർച്ച് മാസത്തിന് മുമ്പായി ഭരണ നിർവ്വഹണ സമിതി അതിന്റെ തുടർന്നുവരുന്ന വർഷത്തിലേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി അതോറിറ്റി യോഗത്തിൽ പാസ്സാക്കി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ട താണ്.

(3) കാലാകാലം സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ ഭരണ നിർവ്വഹണ സമിതി നടപ്പിലാക്കേണ്ടതാണ്.

14. ഭരണ നിർവ്വഹണസമിതിയുടെ യോഗങ്ങൾ:—(1) ചെയർമാന്റെ നിർദ്ദേശാനുസ രണം സെക്രട്ടറി ഭരണ നിർവ്വഹണസമിതി യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) ഭരണ നിർവ്വഹണ സമിതിയുടെ രണ്ട് യോഗങ്ങൾ തമ്മിൽ 60 ദിവസത്തിലധികം അന്തരം ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

(3) ഭരണ നിർവ്വഹണസമിതി യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം അപ്പപ്പോൾ സന്നിഹിതരായിരിക്കുന്ന സമിതിയംഗങ്ങളിൽ ആരെയെങ്കിലും അപ്പോഴേക്ക് ആദ്ധ്യക്ഷം വഹിക്കുന്നതിനായി സമിതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

(4) യോഗത്തിനുള്ള ക്വാറം ഭരണ നിർവ്വഹണസമിതിയിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

15. അതോറിറ്റിയുടെയോ ഭരണ നിർവ്വഹണസമിതിയുടെയോ പിരിച്ചുവിടൽ:—(1) അതോറിറ്റിയോ ഭരണ നിർവ്വഹണസമിതിയോ ഈ ആക്ടിലെ വ്യവസ്ഥകൾക്കെതി രായി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്നോ അവയുടെ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ തുടരെ അനാസ്ഥ കാണിച്ചുവെന്നോ, സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ തുടർച്ചയായി അനുസരിക്കാതിരിക്കുന്നുവെന്നോ ഉള്ള കാരണത്തിന്മേൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതോറിറ്റിയെയോ ഭരണ നിർവ്വഹണസമിതിയെയോ എപ്പോൾ വേണമെങ്കിലും ഒരു വർഷത്തിലധികരിക്കാത്ത കാലത്തേക്ക് പിരിച്ചു വിടാവുന്നതാണ്. എന്നാൽ അപ്രകാരം പിരിച്ചുവിടുന്നതിന് മുമ്പായി അങ്ങനെ ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കണമെന്ന് അതോറിറ്റിയോടോ ഭരണ നിർവ്വഹണ സമിതിയോടോ ആവശ്യപ്പെടേണ്ടതും അവയ്ക്ക് ഇക്കാര്യത്തിൽ പറയാനുള്ളത് കേൾക്കുവാൻ യുക്തമായ അവസരം സർക്കാർ നൽകേണ്ടതുമാണ്.

(2) അതോറിറ്റിയോ ഭരണ നിർവ്വഹണസമിതിയോ പിരിച്ചുവിടുന്നതോടുകൂടി അവയുടെ കർത്തവ്യങ്ങൾ ചെയ്യുന്നതിനും, ചുമതലകൾ നിർവഹിക്കുന്നതിനും വേണ്ടി സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കേണ്ടതും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അതോറിറ്റിയുടെയോ ഭരണ നിർവ്വഹണ സമിതിയുടെയോ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

16. <u>അതോറിറ്റിയുടെ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും</u>:—അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്നുതോന്നുന്ന ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

17. <u>എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം</u>:—അതോറിറ്റിയിലേക്കുള്ളതോ അതോറിറ്റിയിൽ നിന്നുള്ളതോ ആയ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്.

18. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>:—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാവുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ 14 ദിവസത്തേക്ക് അവ വയ്ക്കേണ്ടതും, അപ്രകാരം അത് നടപ്പ് സമ്മേളനത്തിലോ അതിന് തൊട്ടു വരുന്ന സമ്മേളനത്തിലോ നിയമസഭ പ്രസ്തുത ചട്ടത്തിന് ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്കെതിരായ അവകാശലംഘനങ്ങളുടെ വ്യാപ്തിയും ആഴവും വളരെ വിപുലമാണ്. സുരക്ഷിതത്വമില്ലാത്ത ബസ് സ്റ്റാൻഡുകളും, ബസ് ഷെൽട്ടറുകളും, വൃത്തിയില്ലാത്ത വാഹനങ്ങളും ടോയ്ലെറ്റുകളും വൃത്തിയും ശുചിത്വവും ഇല്ലാത്തതും അമിതവില ഈടാക്കുന്നതുമായ ഹോട്ടലുകൾ എന്നിങ്ങനെ യാത്രക്കാർ അനുഭവിക്കുന്ന യാതനകൾ ഏറെയാണ്. വാഹനങ്ങളിൽ കയറുന്നതിനും ഇറങ്ങുന്നതിനും മുമ്പ് വാഹനങ്ങൾ ചലിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ, അമിതമായ വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ നിമിത്തമുള്ള അപകടങ്ങൾ എന്നിവ സർവ്വസാധാരണമായി മാറിയിരിക്കുകയാണ്. ഇതിന് പുറമെ ട്രാൻസ്പോർട്ട് വാഹനങ്ങളിലെ ജീവനക്കാരിൽനിന്നുമുണ്ടാകുന്ന മാന്യമല്ലാത്ത പെരുമാറ്റം, വാഹനം എത്തിച്ചേരുന്ന സമയം, പുറപ്പെടുന്ന സമയം, ഏകദേശം യാത്രാസമയം, യാത്രാക്കൂലി എന്നിവയെ കുറിച്ച് ശരിയായ വിവരങ്ങൾ നൽകാതിരിക്കുക എന്നിവയും യാത്രാക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ആയതിനാൽ കേരള സംസ്ഥാനത്ത് ട്രാൻസ്പോർട്ട് വാഹനങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ അവകാശവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനും അവർക്ക് ചൂഷണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റി സ്ഥാപിക്കുവാനും അതോറിറ്റി ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ തുക സംസ്ഥാന സർക്കാർ പ്രത്യക്ഷമായോ പരോക്ഷമായോ നൽകേണ്ടതാണ്. ഇതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞാൽ മാത്രമേ കൃത്യമായ സാമ്പത്തിക ബാദ്ധ്യത കണക്കിലാക്കാൻ കഴിയുള്ളൂ. എങ്കിലും അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്ക് ഒരു കോടി രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ പതിനെട്ടാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദുചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതുമായ അധികാരം സാധാരണ സ്വഭാവത്തിലാണ്.

വി. ടി. ബൽറാം, എം. എൽ. എ.